LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	ഭൗതിക ലക്ഷ്യം	പൂർത്തീകരിച്ചവീടുകൾ
2011-12	53808	54717
2012-13	59620	44902
2013-14	45738	42125
2014-15	59060	51261
2015-16 (ഒക്ടോബർ വരെ)	59060	47197

നഗരസഭാ തലത്തിലുള്ള കണക്കുകൾ അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു.

(സി) ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഏറ്റെടുക്കുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് പൊതുവിഭാഗത്തിന് 2 ലക്ഷമായും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3 ലക്ഷമായും വർദ്ധിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ള അധിക ബാധ്യതയിൽ സംസ്ഥാനം നൽകുന്ന അധികധനസഹായത്തിനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകുന്ന ധനസഹായത്തിനും പുറമേ വരുന്ന ബാധ്യത ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ തുക വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള തുക ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ നിന്നും വകയിരുത്തുന്നതാണ്.

(ഡി) ഇല്ല.

ഹാഡ പദ്ധതി

43 (1514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതു പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് നിയോജക മണ്ഡലം, പദ്ധതി, വർഷം എന്നിവയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും പുതിയ പദ്ധതികൾക്കായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 1. പഴം പച്ചക്കറി വികസന പദ്ധതി - പരപ്പ ബ്ലോക്ക്

2. പഴം പച്ചക്കറി വികസന പദ്ധതി - കാഞ്ഞങ്ങാട് ബ്ലോക്ക്

(സി) ഉണ്ട്.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച ചെക്ക് ഡാം നിർമ്മാണം, റോഡു പ്രവർത്തികൾ എന്നിവ നബാർഡിന്റെ പരിഗണനയിലും 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച പദ്ധതികൾ പരിശോധിച്ചുവരികയുമാണ്.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ

44 (T*1515) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ പരിഗണനാവിഷയങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

അൻപത് ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

45 (1516) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന അൻപത് ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly